ചുരുക്കത്തിൽ

2 ജില്ലയിൽ ഇന്ന് മഞ്ഞ അലർട്ട്

തിരുവനന്തപുരം

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടെ മഴയ്ക്ക് സാധ്യത. ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ന്യൂനമർദം തീവ്ര ന്യൂനമർദമായതായി കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ബുധനോടെ 'മോഖ' ചുഴലിക്കാറ്റായി ശക്തി പ്രാപിച്ചേക്കും. വെള്ളിവരെ വടക്ക്, വടക്കുപടിഞ്ഞാറു ദിശയിൽ സഞ്ചരിച്ച ശേഷം ദിശമാറി ബംഗ്ലാദേശ്, മ്യാന്മർ തീരത്തേക്ക് നീങ്ങാനും സാധ്യതയുണ്ട്.

ബുധൻ പത്തനംതിട്ട, ഇടുക്കി ജില്ലകളിലും വ്യാഴം പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിലും മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിന് തടസ്സമില്ല. കർണാടക തീരത്തും ബംഗാൾ ഉൾക്കടൽ, ആൻഡമാൻ കടലിലും മീൻപിടിക്കാൻ പോകരുതെന്ന് നിർദേശമുണ്ട്.

ടിങ്കു ബിസ്വാൾ റവന്യു സെക്രട്ടറി

തിരുവനന്തപുരം

വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷിനെ ആരോഗ്യ കുടുംബക്ഷേമ പ്രിൻസിപ്പൽ സെക്രട്ടറിയായി മാറ്റി നിയമിച്ചു. ആരോഗ്യ കുടുംബക്ഷേമ പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാളിനെ റവന്യു, ദുരന്തനിവാരണ പ്രിൻസിപ്പൽ സെക്രട്ടറിയാക്കി. ഭവന വകുപ്പിന്റെ പൂർണ അധിക ചുമതലയുമുണ്ടാകും.

ഹൈക്കോടതി കേസെടുത്തു

- ഉദ്യോഗസ്ഥരെ കക്ഷിചേർത്തു
- മലപ്പുറം കലക്ടർ 12ന് റിപ്പോർട്ട് നൽകണം

കൊച്ചി

താനൂർ ബോട്ടുദുരന്തത്തിൽ സ്വമേധയാ കേസെടുക്കാൻ രജിസ്ട്രിയോട് ഹൈക്കോടതി നിർദേശിച്ചു. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്ന് നഷ്ടപരിഹാരത്തുക ഈടാക്കി ഇരകൾക്ക് നൽകുന്നത് സർക്കാർ പരിഗണിക്കണമെന്നും നിർദേശിച്ചു.

തുടർച്ചയായി നിയമലംഘനമുണ്ടായിട്ടും പൊലീസ്, തുറമുഖം, തദ്ദേശഭരണം, വില്ലേജ്, ദുരന്തനിവാരണ അതോറിറ്റി ഉദ്യോഗസ്ഥർ, കലക്ടർ എന്നിവർ അറിയാത്തത് എന്തുകൊണ്ടാണെന്നും കോടതി ആരാഞ്ഞു. ഉദ്യോഗസ്ഥരുടെയും അതോറിറ്റികളുടെയും നിരീക്ഷണവും മേൽനോട്ടവുമുണ്ടായിരുന്നെങ്കിൽ ദുരന്തമുണ്ടാകില്ലായിരുന്നുവെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, ജസ്റ്റിസ് ശോഭ അന്നമ്മ ഈപ്പൻ എന്നിവരടങ്ങുന്ന ബെഞ്ച് നിരീക്ഷിച്ചു. ഔദ്യോഗിക നിസംഗതയും അത്യാഗ്രഹവുമാണ് ദുരന്തകാരണമെന്നും കോടതി പറഞ്ഞു. ജീവൻ പണയംവച്ച് രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയ നാട്ടുകാരെ കോടതി അഭിനന്ദിച്ചു.

ചീഫ് സെക്രട്ടറി, ഡിടിപിസി സെക്രട്ടറി, ജില്ലാ പൊലീസ് മേധാവി, താനൂർ നഗരസഭാ സെക്രട്ടറി, ആലപ്പുഴ പോർട്ട് ഓഫീസർ, ബേപ്പൂർ സീനിയർ പോർട്ട് കൺസർവേറ്റർ, മലപ്പുറം കലക്ടർ എന്നിവരെ കേസിൽ കക്ഷി ചേർക്കാനും ഉത്തരവിട്ടു. കലക്ടർ 12ന് പ്രാഥമിക റിപ്പോർട്ട് നൽകണം.

പൊതുഖജനാവിൽനിന്നാണ് നഷ്ടപരിഹാരം നൽകുന്നത്. ബോട്ട് ഓപ്പറേറ്റർക്കെതിരെ കർശന നടപടിയെടുത്താൽ മാത്രം പോരാ. സർക്കാർ 10 ലക്ഷം രൂപവീതം നഷ്ടപരിഹാരം പ്രഖ്യാപിച്ചത് നല്ല കാര്യമാണ്. നൂറുകണക്കിന് ടൂറിസ്റ്റ് ബോട്ടുകളുള്ള കേരളത്തിൽ ദുരന്തം ആവർത്തിച്ചേക്കാമെന്നതിനാൽ കോടതിയുടെ ഇടപെടൽ അനിവാര്യമാണെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

ബോട്ടുകളുടെ വിശദാംശങ്ങൾ തേടി പൊലീസ്

സുജിത് ബേബി

തിരുവനന്തപുരം

സംസ്ഥാനത്ത് സർവീസ് നടത്തുന്ന ബോട്ടുകളുടെ വിശദാംശങ്ങൾ പരിശോധിക്കാൻ പൊലീസ് തീരുമാനം. വിശദാംശങ്ങൾ അടിയന്തരമായി കൈമാറാൻ സംസ്ഥാന പൊലീസ് മേധാവി ജില്ലാ പൊലീസ് മേധാവിമാർക്ക് നിർദേശം നൽകി. ഇതിനായി പ്രത്യേക ചോദ്യാവലിയും കൈമാറി. താനൂർ ബോട്ടപകടത്തിന്റെ പശ്ചാത്തലത്തിലാണ് തീരുമാനം.

ബോട്ടുകളുടെ ലൈസൻസ്, ഫിറ്റ്നസ്, അവസാനം പരിശോധന നടത്തിയതെപ്പോൾ, ജീവനക്കാർ, അവരുടെ ലൈസൻസ്, സുരക്ഷാ ക്രമീകരണങ്ങൾ, നിർമിച്ച വർഷം, സർവീസ് നടത്താനുള്ള അനുമതി, രൂപമാറ്റം വരുത്തിയിട്ടുണ്ടോ, സർവീസ് നടത്തുന്ന സമയം തുടങ്ങിയ വിവരങ്ങൾ അടിയന്തരമായി ശേഖരിച്ച് നൽകാനാണ് നിർദേശം. ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരശേഖരണം ആരംഭിച്ചിട്ടുണ്ട്.

പുരവള്ളങ്ങൾ, യാത്രാബോട്ടുകൾ, ശിക്കാര, കടത്ത്, ലിക്വിഡ് കാർഗോ, ഡ്രഡ്ജർ, ചരക്കുയാനങ്ങൾ തുടങ്ങിയ വിഭാഗങ്ങളിലായി സംസ്ഥാനത്ത് മൂവായിരത്തിലധികം ബോട്ടുകൾ സർവീസ് നടത്തുന്നുവെന്നാണ് അനൗദ്യോഗിക കണക്ക്. ഇതിൽ പലതും അനുമതിയില്ലാതെ പ്രവർത്തിക്കുന്നുവെന്ന വിവരവുമുണ്ട്. ഈ സാഹചര്യത്തിലാണ് വിശദമായ പരിശോധന.

ലൈസൻസില്ലാതെയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും സർവീസ് നടത്തുന്ന ബോട്ടുടമകൾക്കെതിരെ കർശന നടപടിയെടുക്കാനാണ് തീരുമാനം. ചോദ്യാവലി പരിശോധന പൂർത്തിയാക്കി ആവശ്യമെങ്കിൽ ബോട്ടുകളിൽ നേരിട്ടെത്തി പരിശോധിക്കാനും ആലോചനയുണ്ട്.

താനൂർ ബോട്ട് അപകടം

യുഡിഎഫിന്റെ രാഷ്ട്രീയ ആരോപണം മുഖം മറയ്ക്കാൻ

പ്രത്യേക ലേഖകൻ

തിരുവനന്തപുരം

താനൂർ ബോട്ടപകടം സംബന്ധിച്ച് രാഷ്ട്രീയമായി തിരിച്ചുവിടാൻ യുഡിഎഫ് നേതാക്കൾ ശ്രമിക്കുന്നതിനു പിന്നിൽ സ്വയം രക്ഷപ്പെടാനുള്ള ശ്രമം. രജിസ്ട്രേഷൻ പൂർത്തിയാക്കാത്ത ബോട്ടിൽ അനുവദനീയമായതിൽ കൂടുതൽ ആളെ കയറ്റി നിയമവിരുദ്ധമായി രാത്രിയിൽ ഓടിച്ചുണ്ടാക്കിയ ദുരന്തമാണ് താനൂരിലേത്. അത് സർക്കാർ സ്പോൺസേഡ് ദുരന്തമാണെന്ന് കെപിസിസി അധ്യക്ഷൻ കെ സുധാകരനും ഉടമസ്ഥ് ഉന്നതങ്ങളിൽ സ്വാധീനമെന്ന് ലീഗ് നേതാവ് കെ പി എ മജീദും ആരോപിക്കുന്നു.

അപകടമുണ്ടായി നിമിഷങ്ങൾക്കകം രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നാട്ടുകാരുടെ സഹായത്തോടെ രാത്രിയിൽത്തന്നെ പരമാവധി പേരെ രക്ഷപ്പെടുത്താനും ശ്രമിച്ചു. പിറ്റേന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയിലെ ഭൂരിഭാഗം അംഗങ്ങളും അവിടെ എത്തി. ദുഃഖാർത്തരായ കുടുംബങ്ങളെ ചേർത്തുപിടിച്ചു. മതിയായ സഹായങ്ങൾ ഉറപ്പുവരുത്തി. പ്രതിപക്ഷത്തിന്റെ കൂടി അഭിപ്രായംതേടി സഹായധനവും പ്രഖ്യാപിച്ചു. ബോട്ടുടമയെ പിടികൂടി, കൊലക്കുറ്റമടക്കം ചുമത്തി. ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കും. നാട്ടുകാരും സർക്കാർ ഇടപെടലിൽ സംതൃപ്തരാണ്.



എന്നാൽ, ഈ സാഹചര്യത്തെയും എങ്ങനെ വഷളാക്കാമെന്ന ചിന്തയാണ് ചില യുഡിഎഫ് നേതാക്കൾക്ക്. മുൻകാല വീഴ്ചകൾ മറച്ചുവയ്ക്കാൻ കൂടിയാണിത്. 2002ലെ കുമരകം ബോട്ടപകടത്തെ തുടർന്ന് ആന്റണി സർക്കാർ നഷ്ടപരിഹാരം പ്രഖ്യാപിച്ചില്ല. ജസ്റ്റിസ് നാരായണക്കുറുപ്പ് കമീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2003 ഏപ്രിലിലാണ് പ്രഖ്യാപിച്ചത്. രണ്ടു സർക്കാരുകളുടെ സമീപനത്തിലെ വ്യത്യാസമാണിത്. 2009 മെയ് ആറിന് തേക്കടി ജലാശയത്തിൽ ഉണ്ടായ ബോട്ടപകടത്തിൽ വി എസ് സർക്കാർ നിയോഗിച്ച ജസ്റ്റിസ് മൈതീൻകുഞ്ഞ് കമീഷൻ 2011ലെ ഉമ്മൻചാണ്ടി സർക്കാരിന് റിപ്പോർട്ട് നൽകി. പ്രധാന ശുപാർശകളിൽ ഒന്നായിരുന്നു ഉൾനാടൻ ജലഗതാഗതത്തിലെ സുരക്ഷയ്ക്കും മേൽനോട്ടത്തിനുമായി മാരിടൈം ബോർഡ് പോലുള്ള ഒരു ഏജൻസി രൂപീകരിക്കണമെന്നത്. 2017ൽ പിണറായി സർക്കാരാണ് അത് നടപ്പാക്കിയത്.

മാരിടൈം ബോർഡ് ആക്റ്റ് പ്രകാരം ചെയർമാനെയും അംഗങ്ങളെയും നിശ്ചയിച്ച ഓർഡിനൻസ് അഞ്ച് മാസത്തോളം ഗവർണർ പിടിച്ചുവച്ചു. സ്പോൺസേർഡ് ദുരന്തമെന്ന് ആക്ഷേപിക്കുന്ന കെ സുരേന്ദ്രനടക്കമുള്ളവർ തന്ത്രപ്രധാന ഓർഡിനൻസ് പിടിച്ചുവച്ചെന്നതിന് മറുപടി പറയണം.

ശുപാർശകൾ നടപ്പാക്കി

സുരക്ഷിത ജലയാത്രയ്ക്ക് മുമ്പേ സംവിധാനമൊരുക്കി

പ്രത്യേക ലേഖകൻ

കൊച്ചി

- കുമരകം, തട്ടേക്കാട്, തേക്കടി ബോട്ടുദുരന്തങ്ങളുടെ പശ്ചാത്തലത്തിലാണ് സുരക്ഷിത ജലയാത്രയ്ക്ക് നടപടി സ്വീകരിച്ചത്

ബോട്ടുദുരന്തം ആവർത്തിക്കാതിരിക്കാൻ സുരക്ഷാചട്ടങ്ങളും നിയമങ്ങളും പരിശോധനാ സംവിധാനവും മുമ്പേതന്നെ ശക്തമാക്കി കേരളം. കുമരകം, തട്ടേക്കാട്, തേക്കടി ബോട്ടുദുരന്തങ്ങളുടെ പശ്ചാത്തലത്തിലാണ് സുരക്ഷിത ജലയാത്രയ്ക്ക് സംസ്ഥാനം നടപടി സ്വീകരിച്ചത്.

യാത്രാസമയത്തെ അശ്രദ്ധയും ബോട്ടുടമകളുടെ ലാഭക്കൊതിയും ചിലപ്പോഴെങ്കിലും പരിശോധനകളിലെ വീഴ്ചയുമാണ് അപകടത്തിലേക്ക് നയിക്കുന്നത്. അന്വേഷണ കമീഷൻ ശുപാർശകൾ നടപ്പാക്കാത്തതാണ് ബോട്ടുദുരന്തം ആവർത്തിക്കാൻ കാരണമെന്ന ആക്ഷേപങ്ങൾക്ക് അടിസ്ഥാനമില്ല. കുമരകം, തട്ടേക്കാട്, തേക്കടി ദുരന്തങ്ങൾക്കുശേഷം കമീഷനുകൾ നൽകിയ റിപ്പോർട്ടുകളുടെകൂടി വെളിച്ചത്തിലാണ് കേരളം 2010ൽ ഉൾനാടൻ ജലയാനച്ചട്ടങ്ങൾ പുറത്തിറക്കിയത്. 1917ലെ ഉൾനാടൻ ജലയാന നിയമത്തിലെ പോരായ്മകൾ കൂടി പരിഹരിച്ചാണ് കർശന ചട്ടങ്ങൾ നടപ്പാക്കിയത്. ഈ ചട്ടങ്ങളുടെ മാതൃകയിലാണ് 2021ൽ പാർലമെന്റ് പുതിയ ഉൾനാടൻ ജലയാന നിയമവും പാസാക്കിയത്.

സമഗ്ര നിയമനിർമാണം വേണമെന്ന് തട്ടേക്കാട് ബോട്ടപകടം അന്വേഷിച്ച ജസ്റ്റിസ് എം എം പരീത് പിള്ള കമീഷൻ ശുപാർശ ചെയ്തിരുന്നു. ഉൾനാടൻ ജലയാനങ്ങളുടെ സുരക്ഷയും പരിശോധനയും കർശനമാക്കാനും ഏകോപിപ്പിക്കാനും 2017ൽ കേരള മാരിടൈം ബോർഡ് നിയമവും പാസാക്കി. തുറമുഖ ഡയറക്ടറേറ്റിനേക്കാൾ മികച്ച സാങ്കേതിക–ഭരണ സംവിധാനത്തോടെ 2019ൽ കേരള മാരിടൈം ബോർഡ് യാഥാർഥ്യമാക്കി. തേക്കടി ബോട്ടപകടം അന്വേഷിച്ച ജസ്റ്റിസ് ഇ മൊയ്തീൻകുഞ്ഞ് കമീഷന്റെ പ്രധാന ശുപാർശകളിലൊന്നായിരുന്നു ജലഗതാഗത മേഖലയെ ഒരു കുടക്കീഴിലാക്കുന്ന മാരിടൈം ബോർഡ്. ബോർഡിൽ നേവൽ ആർക്കിടെക്ട്, മറൈൻ എൻജിനീയറിങ് വിദഗ്ധർ എന്നിവർ ഉണ്ടാകണമെന്ന കമീഷൻ ശുപാർശയും നടപ്പാക്കി. ഇൻഷുറൻസ് പരിരക്ഷയും മറ്റൊരു ശുപാർശയായിരുന്നു. കുമരകം ദുരന്തം അന്വേഷിച്ച ജസ്റ്റിസ് കെ നാരായണക്കുറുപ്പ് കമീഷൻ നിർദേശിച്ച സുരക്ഷാ മാനദണ്ഡങ്ങളും നടപ്പാക്കി.

ബോട്ട് നിർമാണത്തിന് പോർട്ട് ഓഫീസർക്ക് അപേക്ഷ നൽകുമ്പോൾതന്നെ ബോർഡ് അംഗീകരിച്ച നേവൽ ആർക്കിടെക്ട് പ്ലാൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കും. തുടർന്നാണ് ബോർഡിന്റെ സർവേയർ നിർമാണം തുടങ്ങാൻ ലൈസൻസ് നൽകുന്നത്.

നിർമാണശേഷം അപേക്ഷിക്കുമ്പോൾ ബോട്ടിന്റെ സ്റ്റബിലിറ്റി പരിശോധനയും ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ, അഗ്നിരക്ഷാ സംവിധാനം, ഇൻഷുറൻസ് ഉൾപ്പെടെ പരിശോധിക്കും. തുടർന്നാണ് രജിസ്ട്രേഷന് അപേക്ഷ സ്വീകരിക്കുക. രജിസ്ട്രേഷനുശേഷവും സർവേയർമാരുടെ വാർഷിക പരിശോധനയുണ്ട്.

തിരുവനന്തപുരംമുതൽ ആലപ്പുഴവരെ, എറണാകുളംമുതൽ കാസർകോടുവരെ എന്നിങ്ങനെ രണ്ട് സർവേയർമാർക്കാണ് പരിശോധനാ ചുമതല.

വരുമാന ലക്ഷ്യങ്ങളിൽ വിജയം

കേന്ദ്ര നിഷേധം, പ്രതിരോധിച്ച് കേരളം

ജി രാജേഷ്കുമാർ

തിരുവനന്തപുരം

സംസ്ഥാനത്തിന്റെ കഴുത്ത് ഞെരിക്കുന്ന കേന്ദ്ര സർക്കാർ നീക്കങ്ങളെ തനത് വരുമാനം ഉയർത്തി പ്രതിരോധിച്ച് കേരളം. കേന്ദ്ര വിഹിതങ്ങൾ നിഷേധിച്ച് ഞെക്കിക്കൊല്ലാനുള്ള ശ്രമങ്ങളെ അതിജീവിച്ചത് നികുതി, നികുതിയേതര വരുമാനങ്ങളിൽ ബജറ്റ് ലക്ഷ്യം മറികടക്കുന്ന നേട്ടങ്ങളിലൂടെ. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകളിൽ കഴിഞ്ഞ സാമ്പത്തികവർഷം കേന്ദ്ര നികുതി വിഹിതവും ജിഎസ്ടിയും ഒഴികെയുള്ള എല്ലാ മേഖലയിലും കേരളത്തിന് വലിയ മുന്നേറ്റമാണുള്ളത്.

റവന്യു വരുമാന ലക്ഷ്യത്തിന്റെ 99 ശതമാനം സമാഹരിച്ചത് റെക്കോഡാണ്. മുൻവർഷത്തെക്കാൾ പത്തു ശതമാനം അധികമാണിത്. കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ലക്ഷ്യമിട്ടുള്ള നിലപാടുമൂലം കഴിഞ്ഞവർഷം 23,000 കോടിയിലധികം രൂപ സംസ്ഥാനത്തിന് നിഷേധിക്കപ്പെട്ടു. റവന്യു കമ്മി ഗ്രാന്റിൽ 7000 കോടിയോളം രൂപ കുറഞ്ഞു. കിഫ്ബി, പെൻഷൻ കമ്പനി എന്നിവയുടെ ധനസമാഹരണത്തിന്റെ പേരുപറഞ്ഞ് 12,563 കോടി രൂപ പൊതുകടമെടുപ്പ് അവകാശത്തിൽനിന്ന് കുറച്ചു. ആദ്യഗഡുവിന്റെ കടമെടുപ്പ് നിഷേധം കഴിഞ്ഞവർഷംതന്നെ നടപ്പാക്കി. ജിഎസ്ടി നഷ്ടപരിഹാരവും അവസാനിപ്പിച്ചു. കേന്ദ്ര ഗ്രാന്റുകളും നിഷേധിക്കുകയോ, വൈകിപ്പിക്കുകയോ ചെയ്തു. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെല്ലാം തകരുമെന്ന പ്രചാരണം ബോധപൂർവം അഴിച്ചുവിട്ടു. ട്രഷറി അടച്ചുപൂട്ടുമെന്നനിലയിൽ ചില പത്ര–ദൃശ്യ മാധ്യമങ്ങൾ വാർത്താ പരമ്പരകൾ സൃഷ്ടിച്ചു. എന്നിട്ടും പദ്ധതി പ്രവർത്തനത്തിലടക്കം അഭിമാനകരമായ നേട്ടങ്ങൾ സാധ്യമാക്കിയത് തനതുവരുമാനത്തിലെ റെക്കോഡ് നേട്ടമാണ്.

നികുതി വരുമാന സമാഹരണം 98 ശതമാനമായി. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, ഭൂവിൽപ്പന, എക്സൈസ് നികുതികളെല്ലാം ലക്ഷ്യം പിന്നിട്ടു. 108 മുതൽ 141 ശതമാനംവരെയാണ് സമാഹരണ നേട്ടം. കഴിഞ്ഞ എൽഡിഎഫ് സർക്കാരിന്റെ കാലംമുതൽ തുടക്കമിട്ട് ശക്തമായി മുന്നോട്ടുപോകുന്ന നികുതി സമാഹരണ നടപടികളുടെ ഫലം കണ്ടുതുടങ്ങി. എന്നാൽ, കേന്ദ്ര നിയന്ത്രണത്തിലുള്ള ജിഎസ്ടിയിൽ എണ്ണായിരം കോടിയോളം രൂപയുടെ കുറവുണ്ടായി. നഷ്ടപരിഹാരം നിർത്തലാക്കിയതടക്കം കാരണമായി. മൊത്തം ജിഎസ്ടി വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 10 ശതമാനം വളർച്ച നേടാനായതും സംസ്ഥാനത്തിന്റെ നേട്ടമായി. ജിഎസ്ടി വകുപ്പ് പുനഃസംഘടനയും നികുതി വെട്ടിപ്പ് ഒഴിവാക്കാൻ സ്വീകരിച്ച നടപടികളും വരുമാനം ഉയർത്തി. നികുതിയേതര വരുമാനത്തിലും 3,251 കോടി രൂപ അധികമായി സമാഹരിക്കാനായി.

മനോരമയും സമ്മതിച്ചു; നില മെച്ചപ്പെടുത്തി

തിരുവനന്തപുരം

ട്രഷറി പൂട്ടുമെന്ന് വിലപിച്ച മലയാള മനോരമയും ഒടുവിൽ സംസ്ഥാന സർക്കാരിന്റെ ധനകാര്യ അച്ചടക്കത്തിന് കൈയടിച്ചു. കേരളത്തിന് കടമെടുക്കാൻ കഴിയുന്ന തുക കേന്ദ്രം വലിയതോതിൽ വെട്ടിക്കുറച്ചെങ്കിലും കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാന സർക്കാരിന് പിടിച്ചുനിൽക്കാനായത് നികുതി അടക്കമുള്ള വരുമാനലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞതിനാലാണെന്ന് സിഎജിയുടെ കണക്കുകളെ കൂട്ടുപിടിച്ച് മനോരമയ്ക്കും സമ്മതിക്കേണ്ടിവന്നു. തനത് ധനസമാഹരണ മാർഗങ്ങളിലെ നേട്ടങ്ങളും അംഗീകരിച്ചു.

വായ്പയും ജിഎസ്ടി നഷ്ടപരിഹാരവും തടഞ്ഞ് സംസ്ഥാനത്തെ പ്രതിസന്ധിയിലാക്കാൻ കേന്ദ്രം ശ്രമിച്ചപ്പോൾ ട്രഷറി പൂട്ടുന്നുവെന്ന ഭയം വിതറാനാണ് മനോരമ ശ്രമിച്ചത്. വർഷാരംഭത്തിൽത്തന്നെ ഇത്തരം വാർത്തകൾക്ക് തുടക്കമിട്ടു. സംസ്ഥാന പദ്ധതി നിർവഹണം പകുതി കടക്കില്ലെന്നും പ്രചരിപ്പിക്കാൻ ശ്രമിച്ചു. സർക്കാർ സാമ്പത്തിക പ്രതിസന്ധിയിൽ, സർക്കാർ ധൂർത്ത്, അടുത്തമാസംമുതൽ ശമ്പളം മുടങ്ങും, കേരളത്തിൽ നികുതിയൊന്നും പിരിക്കുന്നില്ല എന്നിങ്ങനെയായിരുന്നു വാർത്തകൾ. ചില വാർത്താ ചാനലുകളും ഒപ്പംകൂടി. പ്രതിസന്ധികളെ അവസരമാക്കി കേരളം മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചതോടെ മനോരമയും മലക്കംമറിഞ്ഞു.

മിൽമയിൽ വേതന വർധന; സമരം പിൻവലിച്ചു

തിരുവനന്തപുരം

മിൽമ ജീവനക്കാർക്ക് 16 ശതമാനം വേതന വർധന അംഗീകരിച്ചതിനെത്തുടർന്ന് ബുധൻ മുതൽ സംസ്ഥാന വ്യാപകമായി നടത്താനിരുന്ന അനിശ്ചിതകാല പണിമുടക്ക് പിൻവലിച്ചു.

അഡീ. ലേബർ കമീഷണർ കെ ശ്രീലാലിന്റെ അധ്യക്ഷതയിൽ മാനേജ്മെന്റ്, തൊഴിലാളി പ്രതിനിധികളുമായി നടന്ന ചർച്ചയിലാണ് തീരുമാനം. 2021 ജൂലൈമുതൽ മുൻകാല പ്രാബല്യമുണ്ടാകും. കരാറിന് അഞ്ചുവർഷത്തെ പ്രാബല്യമുണ്ടാകും. യോഗത്തിൽ മിൽമ മേഖലാ ചെയർമാന്മാരായ കെ എസ് മണി, എം ടി ജയൻ, എംഡി ആസിഫ് കെ യൂസഫ്, തൊഴിലാളി സംഘടനാ പ്രതിനിധികളായ എൻ പി വിദ്യാധരൻ (സിഐടിയു), വി മോഹൻദാസ് (എഐടിയുസി), ആർ ചന്ദ്രശേഖരൻ (ഐഎൻടിയുസി) എന്നിവർ പങ്കെടുത്തു.

പ്രതിപക്ഷ, മാധ്യമ വേട്ട

കേരളം വിടുന്നത് ലോകപ്രശസ്ത സ്ഥാപനം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

- 19 രാജ്യത്തായി 170ൽ അധികം പദ്ധതികൾ എസ്ആർഐടി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്

പ്രതിപക്ഷവും മാധ്യമങ്ങളും ചേർന്ന് കള്ളപ്രചാരണം അഴിച്ചുവിട്ട് വിവാദം സൃഷ്ടിച്ചതിൽ പൊറുതിമുട്ടി കേരളം വിടാനൊരുങ്ങുന്നത്, മലയാളിയുടെ നേതൃത്വത്തിലുള്ള ലോകപ്രശസ്ത സ്ഥാപനം. 23 വർഷത്തെ പ്രവർത്തനപാരമ്പര്യമുള്ള എസ്ആർഐടി അമേരിക്കയിലും യൂറോപ്പിലും ആഫ്രിക്കയിലും അടക്കം 19 രാജ്യങ്ങളിലായി 170ൽ അധികം പദ്ധതികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. ബംഗളൂരു ആസ്ഥാനമായ കമ്പനിയുടെ സ്ഥാപകനും സിഇഒയും മലയാളിയായ ഡോ. മധു നമ്പ്യാരാണ്.

ഹെൽത്ത് കെയർ സിസ്റ്റം, എന്റർപ്രൈസ് ഇ–ഗവേണൻസ് ആപ്ലിക്കേഷൻ, ടെലികോം മാനേജ്ഡ് സർവീസ് തുടങ്ങി സുപ്രധാന മേഖലകളിൽ പ്രവൃത്തി പരിചയമുള്ള എസ്ആർഐടി ചെയ്ത പദ്ധതികളിൽ നാൽപ്പതോളം കേന്ദ്ര, സംസ്ഥാന സർക്കാരുകളുമായി ബന്ധപ്പെട്ടതാണ്. വിപ്രോ, അമേരിക്കൻ ടെലികെയർ, എത്തിസലാത്ത്, ബിഎസ്എൻഎൽ, ജിൻഡാൽ സ്റ്റീൽ, കാലിഫോർണിയ ട്രാൻസ്ക്രിപ്ഷൻ തുടങ്ങി പ്രശ്സത സ്ഥാപനങ്ങൾക്കുവേണ്ടി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. കെ ഫോൺ പദ്ധതിയുമായി സഹകരിച്ചശേഷമാണ് സംസ്ഥാന സർക്കാരിന്റെ റോഡ് സുരക്ഷാ പദ്ധതിയായ സേഫ് കേരളയിലേക്ക് വരുന്നത്.

കെൽട്രോൺ ടെൻഡറിൽ എസ്ആർഐടി അടക്കം നാലു കമ്പനിയാണ് പങ്കെടുത്തത്. ഇതിൽ സാങ്കേതിക പരിശോധനാ സമിതി ഒരു കമ്പനിയുടെ അപേക്ഷ തള്ളി. മൂന്നു കമ്പനിയിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് എസ്ആർഐടിക്ക് കരാർ ലഭിച്ചത്. ജിഎസ്ടി ഒഴികെ 129.66 കോടി രൂപയാണ് ക്വാട്ട് ചെയ്തത്. തുടർന്ന് കെൽട്രോൺ നടത്തിയ ചർച്ചയിൽ 128.15 കോടിക്കാണ് കരാർ ഏറ്റെടുത്തത്.

23.06 കോടി രൂപ കമ്പനി ജിഎസ്ടി ആയും ആറു കോടി രൂപ കെൽട്രോണിൽ നിക്ഷേപമായും നൽകി. പദ്ധതി പൂർത്തിയാക്കിയെങ്കിലും അഞ്ചു വർഷംകൊണ്ടാണ് എസ്ആർഐടിക്ക് തുക തിരികെ ലഭിക്കുക. എസ്ആർഐടിക്ക് യോഗ്യതയും പ്രവൃത്തി പരിചയവുമില്ലെന്ന് മാധ്യമങ്ങളും പ്രതിപക്ഷവും പലവട്ടം ആക്ഷേപിച്ചിരുന്നു. കോവിഡ് കാലത്ത് കേരളത്തിന് സേവനം നൽകാൻ തയ്യാറായ മലയാളിയുടെ നേതൃത്വത്തിലുള്ള സ്ഥാപനമായ സ്പ്രിംഗ്ളറും പ്രതിപക്ഷ മാധ്യമ ആക്ഷേപത്തെ തുടർന്ന് പദ്ധതിയിൽനിന്ന് പിൻവാങ്ങിയിരുന്നു.

മണിപ്പുരിൽനിന്ന് 9 വിദ്യാർഥികളെ നാട്ടിലെത്തിച്ചു

- വിമാനച്ചെലവുൾപ്പെടെ നോർക്ക റൂട്ട്സ് വഹിച്ചു
- കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിൽനിന്നുള്ളവരാണ് തിരിച്ചെത്തിയത്

തിരുവനന്തപുരം

കലാപത്തെതുടർന്ന് അരക്ഷിതമായ മണിപ്പുരിൽനിന്ന് ഒമ്പത് മലയാളി വിദ്യാർഥികളെ നാട്ടിലെത്തിച്ചു. ഇംഫാലിൽനിന്ന് വിമാനമാർഗം ബംഗളൂരുവിലും തുടർന്ന് ബസ്മാർഗം കേരളത്തിലുമെത്തിച്ചു. വിമാനച്ചെലവുൾപ്പെടെ നോർക്ക റൂട്ട്സ് വഹിച്ചു.

കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിൽനിന്നുള്ളവരാണ് തിരിച്ചെത്തിയത്. പഴയ ലക്കിടി ചെറുച്ചിയിൽ സി എസ് ഷഹ്‌ല, കണ്ണൂർ തളിപ്പറമ്പിലെ അബ്ദുൽ ബാസിത്, കൊട്ടിയൂരിലെ ശ്യാംകുമാർ, മലപ്പുറം വട്ടംകുളത്തെ ആർ നവനീത്, പുള്ളിപ്പറമ്പിലെ ഫാത്തിമ ദിൽന, കൊണ്ടോട്ടിയിലെ എം സി റെനിയ, വയനാട് പുൽപ്പള്ളിയിലെ ആദിത്യ രവി, കോഴിക്കോട് കക്കോടിയിലെ ആർ എസ് അനൂപ്, ചേമഞ്ചേരി സ്വദേശി എസ് ബി റിതിൻ എന്നിവരാണ് നാട്ടിലെത്തിയത്.

18 പേരെക്കൂടി ബുധനാഴ്ച നാട്ടിലെത്തിക്കും. നോർക്ക ആസ്ഥാനത്തിനു പുറമെ ഡൽഹി, ബംഗളൂരു, മുംബൈ, ചെന്നൈ എൻആർകെ ഡെവലപ്മെന്റ് ഓഫീസുകളും രക്ഷാദൗത്യം ഏകോപിപ്പിക്കുന്നുണ്ട്. മണിപ്പുരിലെ മലയാളികളുടെ വിവരങ്ങൾ നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിൽ അറിയിക്കാം. ടോൾ ഫ്രീ നമ്പർ: 1800 425 3939.

നേതൃയോഗത്തിൽ സുധാകരന്റെ രാജിഭീഷണി

സ്വന്തം ലേഖകൻ

ബത്തേരി \ തിരുവനന്തപുരം

- പാർടി അടിത്തറ ദുർബലമായി
- കോൺഗ്രസിന് അക്കൗണ്ടബിലിറ്റിയില്ല

കെപിസിസി നേതൃയോഗത്തിൽ രാജിഭീഷണി മുഴക്കി പ്രസിഡന്റ് കെ സുധാകരൻ. പുനഃസംഘടന ഈ മാസം പൂർത്തിയാക്കിയില്ലെങ്കിൽ പ്രസിഡന്റ് പദവി രാജിവയ്ക്കുമെന്നാണ് ഭീഷണി. നേതാക്കൾതന്നെയാണ് പുനഃസംഘടനക്ക് തടസ്സം. ഇനിയും കാത്തുനിൽക്കാനാവില്ല. പട്ടിക കൈയിലുണ്ട്. വേണ്ടിവന്നാൽ സ്വന്തം നിലയിൽ ഭാരവാഹികളെ പ്രഖ്യാപിക്കും.

എല്ലാ ജില്ലകളിലും ഗ്രൂപ്പുകൾ തലപൊക്കിയെന്നും യോഗം ചേരുകയാണെന്നും സുധാകരൻ പറഞ്ഞു. എഐസിസി സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ, കേരളത്തിന്റെ ചുമതലയുള്ള താരിഖ് അൻവർ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു സുധാകരന്റെ ഭീഷണി.

സംസ്ഥാനത്ത് പാർടിയെ ചലിപ്പിക്കാനാവാത്തതിൽ സുധാകരനുനേരെയുയർന്ന വിമർശങ്ങൾ മറച്ചുവയ്ക്കാനുള്ള തന്ത്രമായാണ് ഭീഷണിയെ നേതാക്കളിൽ പലരും കാണുന്നത്. നേതൃസംഗമത്തിന്റെ അധ്യക്ഷപ്രസംഗത്തിൽ സംഘടനാ വീഴ്ചക്ക് സുധാകരൻ മുൻകൂർ ജാമ്യമെടുത്തിരുന്നു.

പാർടിയെ പ്രതീക്ഷിച്ച നിലയിൽ എത്തിക്കാനായില്ല. തന്റെ കഴിവുകേടുകൊണ്ടല്ല, സാഹചര്യങ്ങളുടെ സമ്മർദമാണ് കാരണം. പുനഃസംഘടന പൂർത്തിയാക്കാനാകാത്തത് സംഘടനയെ ദുർബലമാക്കി. പൂർത്തിയാക്കിയിരുന്നെങ്കിൽ കോൺഗ്രസിന് പുതിയരൂപം വരുമായിരുന്നു. യൂണിറ്റ് കമ്മിറ്റികൾ (സിയുസി) പൂർത്തീകരിക്കാൻ സാധിക്കാത്തത് പാർടിയുടെ അടിത്തറ ദുർബലമാക്കി. കോൺഗ്രസിന് അക്കൗണ്ടബിലിറ്റിയില്ല. ഉത്തരവാദിത്വമില്ലാത്ത സംവിധാനമാണുള്ളതെന്നും സുധാകരൻ പറഞ്ഞു.

സംഘടനാരേഖ അവതരിപ്പിച്ചായിരുന്നു രാജിഭീഷണി മുഴക്കിയത്. പാർടി പുനഃസംഘടനക്കായി വാശിപിടിച്ച സുധാകരൻ പോഷകസംഘടനകളുടെ പുനഃസംഘടനക്കെതിരെ ആഞ്ഞടിച്ചു. പോഷകസംഘടനകൾ പുനരധിവാസ കേന്ദ്രങ്ങളായെന്നായിരുന്നു പരിഹാസം. മത്സ്യത്തൊഴിലാളി കോൺഗ്രസ് പുനഃസംഘടനയേയും രൂക്ഷമായി വിമർശിച്ചു. ടി എൻ പ്രതാപനെ ചൂണ്ടിയായിരുന്നു വിമർശം. ആരാണ് ഇപ്പോഴത്തെ സംസ്ഥാന പ്രസിഡന്റ്, അദ്ദേഹത്തിന്റെ നിറമേതാണ് എന്ന് അറിയില്ലെന്നും സുധാകരൻ പറഞ്ഞു.



അതേസമയം, ബെന്നി ബെഹനാൻ അടക്കമുള്ള നേതാക്കൾക്ക് കൂടുതൽ പ്രാധാന്യം കിട്ടിയ നേതൃയോഗത്തിൽ കെ മുരളീധരൻ, ശശി തരൂർ, മുൻ അധ്യക്ഷൻ മുല്ലപ്പള്ളി രാമചന്ദ്രൻ തുടങ്ങിയവരുടെ അസാന്നിധ്യവും ചർച്ചയായി.

സമവായ നീക്കത്തിന് തിരിച്ചടി

യൂത്ത് കോൺഗ്രസിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു

- കെഎസ്‌യു, മഹിളാ കോൺഗ്രസ് പുനഃസംഘടന കോൺഗ്രസ് നേതൃത്വത്തിന് കീറാമുട്ടിയായി നിൽക്കുന്നതിനിടെയാണ് പ്രഖ്യാപനം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

സമവായ ശ്രമങ്ങൾ പാളിയതോടെ സംസ്ഥാന യൂത്ത് കോൺഗ്രസ് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് അഖിലേന്ത്യാ നേതൃത്വം. വിവിധ കമ്മിറ്റികളിലേക്ക് മത്സരിക്കുന്നവർക്ക് 15 മുതൽ പത്രിക നൽകാമെന്നാണ് അറിയിപ്പ്. കെഎസ്‌യു, മഹിളാ കോൺഗ്രസ് പുനഃസംഘടന കോൺഗ്രസ് നേതൃത്വത്തിന് കീറാമുട്ടിയായി നിൽക്കുന്നതിനിടെയാണ് പ്രഖ്യാപനം.

കെ സുധാകരൻ അനുകൂലികളെ യൂത്ത് കോൺഗ്രസിലും കുത്തിനിറയ്ക്കാൻ ശ്രമം തുടങ്ങിയതോടെയാണ് പുനഃസംഘടന പ്രതിസന്ധിയിലായത്.

സമവായം നടക്കില്ലെന്ന് വ്യക്തമായതോടെയാണ് അഖിലേന്ത്യാ നേതൃത്വം ഇടപെട്ടത്. തെരഞ്ഞെടുപ്പ് പ്രഖ്യാപനം കെപിസിസി പ്രസിഡന്റ് കെ സുധാകരനടക്കമുള്ള നേതാക്കൾക്കും തിരിച്ചടിയായി.

അതേസമയം, സംസ്ഥാന പ്രസിഡന്റ് ഷാഫി പറമ്പിലിന്റെ ജില്ലയായ പാലക്കാട്ടെ വിഭാഗീയതയും കൂട്ടരാജിയും പരിശോധിക്കാൻ അന്വേഷണ കമീഷനെ നിയോഗിച്ചിട്ടുണ്ട്. യൂത്ത് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റുമാരായ റിജിൽ മാക്കുറ്റി, പ്രേംരാജ് എന്നിവർക്കാണ് ചുമതല.

ജില്ലാ സമ്മേളനവുമായി സഹകരിക്കാത്തതിന് എട്ട് മണ്ഡലം കമ്മിറ്റി പിരിച്ചുവിട്ടിരുന്നു. നടപടി ഏകപക്ഷീയമാണെന്ന് ആരോപിച്ച് നിരവധി പ്രവർത്തകർ രാജി നൽകി.